**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ കൂടുതൽ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിൽ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ളതിന് പുറമേ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ വിൽപ്പന സാധ്യത, പ്രതീക്ഷിത ലാഭ-നഷ്ട തോത്, 10.03.2022 തീയതിയിലെ സ.ഉ.(സാധാ) നം.587/2022/LSGD സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ നിന്നുള്ള വാടക രഹിത കെട്ടിടത്തിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിലൂടെ വിവിധയിനം സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ സൗകര്യങ്ങളൊരുക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആലപ്പുഴ ഡിപ്പോയുടെ പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാല പ്രവർത്തിക്കുന്നതു കാരണം ടി പ്രദേശത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം നിലവിൽ ഇല്ല. മാത്രമല്ല കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങൾ വെള്ളക്കെട്ട് പ്രദേശങ്ങൾ ആയതിനാൽ ടി പ്രദേശത്ത് മൊബൈൽ മാവേലി സർവ്വീസ് നടത്തുന്നത് അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ